**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3003** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വന്യമൃഗാക്രമണം രൂക്ഷമായ വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിസ്ഥലം, വാസസ്ഥലം എന്നിവ നഷ്ടപരിഹാരം നൽകി ഉടമസ്ഥരിൽ നിന്നും വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വനത്തിനകത്തും വനമേഖലയോട് ചേർന്നു കിടക്കുന്നതും വിദൂരതയിലും ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസി ഇതര സ്വകാര്യ വ്യക്തികളുടെ കൃഷി സ്ഥലം, വാസസ്ഥലം എന്നിവ നഷ്ടപരിഹാരം നൽകി വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി കേരളത്തിലുടനീളം നടപ്പാക്കി വരുന്നു. വനംവകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 782 അർഹതകുടുംബങ്ങളിൽ, 497 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15ലക്ഷം രൂപ നിരക്കിൽ), 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മേഖലയിലെ ഭൂമിയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ? | (ബി) | കാസർകോഡ് ജില്ലയിൽ അട്ടൂർ-മുച്ചംതുള്ളി, ഒറ്റമല സെറ്റിൽമെന്റിലെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക പൂർണ്ണമായും നൽകി ഭൂമി ഏറ്റെടുത്തിട്ടുള്ളതും മൈക്കയം സെറ്റിൽമെന്റിലെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിയുടെ ആദ്യ ഗഡു നൽകിയിട്ടുള്ളതുമാണ്. ടി സെറ്റിൽമെന്റുകളിലെ ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ